REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-07-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **PM റോസ്ഗാർ മേളയുടെ ഭാഗമായി വിവിധ ഗവൺമെന്റ് വകുപ്പുകളിൽ പുതുതായി നിയമിതരായ 51,000ത്തിലധികം യുവജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് നിയമന ഉത്തരവ് കൈമാറും.**
- **കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ രണ്ട് ദിവസത്തെ കേരള സന്ദർശനത്തിന് തിരുവനന്തപുരത്ത് എത്തി.**
- **അഹമ്മദാബാദ് വിമാന ദുരന്തത്തിൽ എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് പുറത്ത്; ദുരന്തത്തിനിടയാക്കിയത് എൻജിൻ ഫ്യുവൽ കൺട്രോൾ സ്വിച്ച് ഓഫായത്.**
- **വൈദ്യുത വാഹനങ്ങളും ഹരിതോർജ്ജവും സമന്വയിപ്പിക്കുന്ന വെഹിക്കിൾ റ്റു ഗ്രിഡ് ഫീൽഡ് തല പൈലറ്റ് പദ്ധതിക്ക് KSEB യിൽ തുടക്കമായി.**
- **ലോർഡ്സിൽ ആൻഡേഴ്സൺ - ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിന്റെ മൂന്നാം ദിനമായ ഇന്ന് ഇംഗ്ലണ്ടിനെതിരെ ഇന്ത്യ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

PM റോസ്ഗാർ മേളയുടെ ഭാഗമായി വിവിധ ഗവൺമെന്റ് വകുപ്പുകളിൽ പുതുതായി നിയമിതരായ 51,000ത്തിലധികം യുവജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ നിയമന ഉത്തരവ് കൈമാറും. പുതുതായി നിയമിതരായവരെ അദ്ദേഹം അഭിസംബോധന ചെയ്യും.

രാജ്യത്താകെ 47 ഇടങ്ങളിലാണ് പതിനാറാമത് റോസ്ഗാർ മേള നടക്കുക. കേന്ദ്ര ഗവൺമെന്റ് മന്ത്രാലയങ്ങളിലും വകുപ്പുകളിലുമാണ് നിയമനങ്ങൾ നൽകുന്നത്.

റോസ്ഗാർ മേളകൾ വഴി ഇതുവരെ പത്ത് ലക്ഷത്തിലധികം റിക്രൂട്ട്മെന്റ് കത്തുകൾ വിതരണം ചെയ്തിട്ടുണ്ട്.

✪✪✪

പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന റോസ്ഗർ മേളയുടെ ഭാഗമായി ഇന്ന് രാവിലെ പാലക്കാട് നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പങ്കെടുക്കും. വിവിധ മന്ത്രാലയങ്ങളിലേക്ക് പുതുതായി നിയമിതരായവർക്ക് അദ്ദേഹം നിയമന കത്തുകൾ കൈമാറും.

✪✪✪

നിയമന പ്രക്രിയ സുതാര്യവും കാര്യക്ഷമവും സാങ്കേതികവിദ്യാധിഷ്ഠിതവുമാക്കുക എന്ന ലക്ഷ്യത്തോടെ റെയിൽവേ മന്ത്രാലയം നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇന്ത്യൻ റെയിൽവെ അറിയിച്ചു. റിക്രൂട്ട്മെന്റ് നടപടി സുഗമമാക്കുന്നതിന് ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനം ഉൾപ്പെടെ നിരവധി ഉദ്യോഗാർത്ഥി സൗഹൃദ നടപടികൾ ആണ് റെയിൽവെ ഇതുവരെ നടപ്പാക്കിയത്.

2024 മുതൽ എല്ലാ ഗ്രൂപ്പ് "സി" തസ്തികകൾക്കും ലെവൽ -1 വിഭാഗങ്ങൾക്കും ആദ്യമായി വാർഷിക റിക്രൂട്ട്മെന്റ് കലണ്ടർ അവതരിപ്പിച്ചതായി മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ രണ്ട് ദിവസത്തെ കേരള സന്ദർശനത്തിന് ഇന്നലെ രാത്രി തിരുവനന്തപുരത്ത് എത്തി. വിമാനത്താവളത്തിൽ അദ്ദേഹത്തെ മുതിർന്ന BJP നേതാക്കളും പാർട്ടി പ്രവർത്തകരും സ്വീകരിച്ചു. ഇന്ന് തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. രാവിലെ BJPയുടെ പുതിയ സംസ്ഥാന കമ്മിറ്റി ഓഫീസ് അമിത് ഷാ ഉദ്ഘാടനം ചെയ്യും. തുടർന്ന്, പുത്തരിക്കണ്ടം മൈതാനിയിൽ BJP ബൂത്ത് ലെവൽ പ്രവർത്തകരുടെ സമ്മേളനത്തെ അദ്ദേഹം അഭിസംബോധന ചെയ്യും. ഉച്ചകഴിഞ്ഞ്, തളിപ്പറമ്പിലെ രാജരാജേശ്വര ക്ഷേത്രത്തിൽ പ്രാർത്ഥന നടത്താൻ അദ്ദേഹം കണ്ണൂരിലേക്ക് പോകും. വൈകുന്നേരത്തോടെ ഡൽഹിയിലേക്ക് മടങ്ങുമെന്ന് പ്രതീക്ഷിക്കുന്നത്.

✪✪✪

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ ഇന്ന് കണ്ണൂർ തളിപ്പറമ്പ് രാജ രാജേശ്വര ക്ഷേത്രത്തിൽ ദർശനം നടത്തും. കേന്ദ്ര മന്ത്രിയുടെ സന്ദർശനത്തിന്റെ ഭാഗമായി ജില്ലയിൽ ഗതാഗത ക്രമീകരണം ഏർപ്പെടുത്തി.

കൂടൂതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ.

.......വോയ്സ്........

വൈകുന്നേരം നാല് മണിയോടെ തിരുവനന്തപുരത്ത് നിന്ന് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിലെത്തുന്ന കേന്ദ്ര മന്ത്രി അമിത് ഷാ 4.45 ഓടെ റോഡു മാർഗ്ഗം തളിപ്പറമ്പിൽ എത്തും. അഞ്ച് മണിയോടെ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ ദർശനം നടത്തും. ദർശനത്തിന് ശേഷം അദ്ദേഹം ഡല്ലിക്ക് മടങ്ങും. ആഭ്യന്തര മന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് ഉന്നത പോലീസ് ഉദ്യോഗസ്ഥർ യോഗം ചേർന്ന് സുരക്ഷാ കമീകരണങ്ങൾ വിലയിരുത്തി . .എയർപോർട്ട് റോഡുമുതൽ മട്ടന്നൂർ,ചാലോട്, കൊളോളം, വടുവൻകുളം, മയ്യിൽ നണിച്ചേരി കടവ് എന്നിവിടങ്ങളിൽ ഇന്ന് വെകുന്നേരം നാലുമണിമുതൽ ഏഴ് മണിവരെ ഗതഗത നിയന്ത്രണം ഏർപ്പെടുത്തി..തളിപ്പറമ്പ് താലൂക്കിലും കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിന്റെ അഞ്ച് കിലോമീറ്റർ ചുറ്റളവിലും ഡ്രോൺ, ആളില്ലാ വ്യോമ വാഹനങ്ങൾ എന്നിവ ഉപയോഗിക്കുന്നത് നാളെ വരെ നിരോധിച്ചിട്ടുണ്ട് ബി.ജെ.പി.സൗത്ത് ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ വിമാനത്താവാളത്തിലും നോർത്ത് ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ തളിപ്പറമ്പിലും കേന്ദ്രമന്ത്രിക്ക് സ്വീകരണം ഒരുക്കിയിട്ടുണ്ട്.

✪✪✪

260 പേരുടെ മരണത്തിനിടയാക്കിയ അഹമ്മദാബാദ് വിമാന ദുരന്തത്തിൽ പ്രാഥമിക അന്വേഷണ റിപ്പോർട്ട് എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ പുറത്തുവിട്ടു. വിമാനം പറന്നുയർന്ന് നിമിഷങ്ങൾക്കകം എഞ്ചിൻ ഫ്യുവൽ കൺട്രോൾ സ്വിച്ച് ഓഫായതാണ് വൻദുരന്തത്തിന് ഇടയാക്കിയതെന്ന് റിപ്പോർട്ടിൽ പറയുന്നു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

.........വോയ്സ്...........

വിമാനം അപകടത്തിൽപ്പെടുന്നതിന് മുൻപുള്ള സംഭവങ്ങളുടെ ക്രമവും എഞ്ചിന്റെ പ്രവർത്തനവും വിശദമാക്കുന്നതാണ് 15 പേജ് വരുന്ന AAIB റിപ്പോർട്ട്. കോക്ക്പിറ്റ് വോയിസ് റെക്കോർഡറിൽ പതിഞ്ഞ സംഭാഷണത്തിൽ, ഒരു പൈലറ്റ് മറ്റൊരു പൈലറ്റിനോട് എന്തിനാണ് ഇന്ധനം കട്ട് ചെയ്തതെന്ന് ചോദിക്കുന്നതും, താൻ അങ്ങനെ ചെയ്തിട്ടില്ലെന്ന് അദ്ദേഹം

മറുപടി പറയുന്നതും കേൾക്കാമെന്ന് റിപ്പോർട്ടിൽ പറയുന്നു. ഫ്യുവൽ കൺട്രോൾ സ്വിച്ചുകൾ പിന്നീട് ഓൺ ആക്കിയെങ്കിലും ഒരു എഞ്ചിന്റെ വേഗത കുറയുന്നത് തടയാൻ സാധിച്ചില്ലെന്നും അതാണ് ദുരന്തത്തിലേക്ക് നയിച്ചതെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

കഴിഞ്ഞ മാസം 12-നാണ് അഹമ്മദാബാദിൽ നിന്ന് ലണ്ടനിലേക്ക് പുറപ്പെട്ട എയർ ഇന്ത്യയുടെ ബോയിംഗ് 787 ഡ്രീം ലൈനർ വിമാനം ടേക്ക് ഓഫിന് തൊട്ടുപിന്നാലെ തകർന്നുവീണത്. അഹമ്മദാബാദ് വിമാനത്താവളത്തിന് പുറത്തുള്ള ബി.ജെ. മെഡിക്കൽ കോളേജിന്റെ ഹോസ്റ്റൽ കെട്ടിടത്തിന് മുകളിലാണ് വിമാനം പതിച്ചത്. വിമാനത്തിലുണ്ടായിരുന്ന 242 യാത്രക്കാരിൽ 241 പേരും മരിച്ചു. ഒരാൾ മാത്രമാണ് രക്ഷപ്പെട്ടത്. കൂടാതെ, ഹോസ്റ്റലിലുണ്ടായിരുന്ന വിദ്യാർഥികളടക്കം 19 പേർക്കും ജീവൻ നഷ്ടമായിരുന്നു.

✪✪✪

ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യത്തിന് മറ്റൊരു പൊൻതൂവലായി, 'മറാത്താ മിലിട്ടറി ലാൻഡ്സ്കേപ്പുകൾ' യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടംപിടിച്ചു. പാരീസിലെ യുനെസ്കോ ആസ്ഥാനത്ത് ലോക പൈതൃക സമിതിയുടെ 47-ാമത് സമ്മേളനത്തിലാണ് ഇത് സംബന്ധിച്ച പ്രഖ്യാപനം നടന്നത്. 17-19 നൂറ്റാണ്ടുകളിലെ മറാത്താ സാമ്രാജ്യത്തിന്റെ തന്ത്രപരമായ സൈനിക വീക്ഷണവും വാസ്തുവിദ്യയിലെ കഴിവും പ്രതിഫലിക്കുന്ന 12 കോട്ടകളുടെ അസാധാരണമായ ശൃംഖലയാണ് മറാത്താ മിലിട്ടറി ലാൻഡ്സ്കേപ്പുകളിൽ ഉൾപ്പെടുന്നത്.

✪✪✪

രാജ്യത്തെ യുവാക്കൾക്ക് മാതൃകയായി പ്രവർത്തിക്കുന്ന വേദിയാണ് NCC എന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. NCC കേഡറ്റുകളെ രാജ്യത്തിന്റെ നെടും തൂണെന്ന് വിശേഷിപ്പിച്ച അദ്ദേഹം രാജ്യത്തിന്റെ വികസനത്തിന് അവർ സജീവ ചാലകശക്തികളായെന്നും വ്യക്തമാക്കി. ന്യൂഡൽഹിയിൽ നാഷണൽ കേഡറ്റ് കോർപ്സ് അലുമ്നി അസോസിയേഷന്റെ ആദ്യ ഗവേണിംഗ് കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു രാജ്നാഥ് സിംഗ് .

✪✪✪

പൊതുവിദ്യാഭാസം സംരക്ഷിക്കപ്പെടണമെന്നതാണ് ഗവൺമെന്റ് നയമെന്നും മേഖലയെ തകർക്കാൻ നടത്തുന്ന ശ്രമങ്ങളെ പ്രതിരോധിക്കുമെന്നും മന്ത്രി AK ശശീന്ദ്രൻ കാസർകോട്ട് പറഞ്ഞു. SSLC, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി പൊതുപരീക്ഷകളിൽ നേട്ടം കൈവരിച്ച

വിദ്യാർത്ഥികളെയും വിദ്യാലയങ്ങളെയും അനുമോദിക്കാൻ കാസർകോട് ജില്ലാ പഞ്ചായത്ത് സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

വൈദ്യുത വാഹനങ്ങളും ഹരിതോർജ്ജവും സമന്വയിപ്പിക്കുന്നതിന് സഹായകമായ വെഹിക്കിൾ റ്റു ഗ്രിഡ് ഫീൽഡ് തല പൈലറ്റ് പദ്ധതിക്ക് KSEB യിൽ തുടക്കമായി. മുംബൈ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുക.

പകൽ സമയം സുലഭമായി ലഭിക്കുന്ന സോളാർ വൈദ്യുതി, വൈദ്യുതവാഹനത്തിന്റെ ബാറ്ററിയിൽ ശേഖരിച്ച് ആവശ്യകത കൂടിയ പീക്ക് മണിക്കൂറുകളിൽ ഗ്രിഡിലേക്ക് തിരികെ ലഭ്യമാക്കുന്ന പദ്ധതിയാണിത്.

✪✪✪

ബയോടെക്നോളജി ഗവേഷണ രംഗത്തെ പ്രമുഖ സ്ഥാപനമായ രാജീവ് ഗാന്ധി ബയോടെക്നോളജി കേന്ദ്രത്തിന്റെ കൂടുതൽ ലാബുകൾ കൊല്ലം ജില്ലയിൽ ആരംഭിക്കുമെന്ന് മന്ത്രി KN ബാലഗോപാൽ പറഞ്ഞു. എഴുകോൺ പഞ്ചായത്തിന്റെ സഹകരണത്തോടെ ചീരങ്കാവിൽ ആരംഭിച്ച RGCBയുടെ പുതിയ മെഡിക്കൽ ലാബ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കിടപ്പുരോഗികൾ, വയോജനങ്ങൾ, ഗർഭിണികൾ, കുഞ്ഞുങ്ങൾ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവരുടെ രക്തസാമ്പിളുകൾ വീടുകളിൽപ്പോയി ശേഖരിക്കുന്നത്തിന് പ്രത്യേക പരിശീലനം ലഭിച്ച ടെക്നിഷ്യൻമാരടങ്ങുന്ന ഹോം കലക്ഷൻ സംവിധാനവും യൂണിറ്റുകളിൽ ഉണ്ടാകും.

✪✪✪

കേരളത്തിലെ മത്സ്യ മേഖല പുത്തൻ ഉണർവിലേക്ക് നീങ്ങുന്ന കാലഘട്ടമാണിതെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. കൊട്ടാരക്കരയിൽ സംസ്ഥാന മത്സ്യ കർഷക അവാർഡുകൾ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. മത്സ്യബന്ധനമേഖലയിലെ വെല്ലുവിളികളെ മറികടക്കുവാൻ മത്സ്യ ഉൽപാദനമേഖലയിൽ പുതിയ ശാസ്ത്രീയ മാർഗങ്ങൾ അവലംബിക്കുകയാണ്. മത്സ്യവിത്തുൽപ്പാദനം ഗണ്യമായി വർധിപ്പിക്കാൻ സാധിച്ചതും അഡാക്ക് ലാഭത്തിലാക്കാൻ സാധിച്ചതും മികച്ച നേട്ടമാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

കൊച്ചി - ധനുഷ്കോടി ദേശീയപാതയിൽ വാളറ വനമേഖലയിൽ നിർമ്മാണ നിരോധനം ഏർപ്പെടുത്തിയ ഹൈക്കോടതി വിധിയിൽ പ്രതിഷേധിച്ച് ഇടുക്കിയിലെ മൂന്ന് പഞ്ചായത്തുകളിൽ UDF ഉം, LDF ഉം പ്രഖ്യാപിച്ച ഹർത്താൽ തുടങ്ങി. വൈകിട്ട് 6 വരെയാണ് ഹർത്താൽ.

അടിമാലി, പള്ളിവാസൽ, വെള്ളത്തൂവൽ പഞ്ചായത്തുകളിലാണ് ഹർത്താൽ.

✪✪✪

നേര്യമംഗലം- വാളറ ദേശീയപാത വികസനത്തിനു മരം മുറിക്കാൻ വനം വകുപ്പ് കൂട്ട് നിന്നതായ റിട്ട് ഹർജിയിലെ ആരോപണം അന്വേഷിക്കാൻ ചീഫ് സെക്രട്ടറിയ്ക്ക് ഹൈക്കോടതി നിർദേശം നൽകി. എന്നാൽ ഈ വിഷയത്തിൽ റോഡ് പണി കോടതി സ്റ്റേ ചെയ്തു എന്ന പ്രചാരണം തെറ്റാണെന്ന് മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു.

ഹൈക്കോടതിയിലെ സ്പെഷ്യൽ ജിപിയുമായി സംസാരിച്ച ശേഷം ആണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. വിഷയത്തിൽ തെറ്റായ പ്രചരണങ്ങൾ നടത്തുന്നതിൽ നിന്ന് എല്ലാവരും വിട്ടുനിൽക്കണമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ലോർഡ്സിൽ ആൻഡേഴ്സൺ - ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിന്റെ മൂന്നാം ദിനമായ ഇന്ന് ആതിഥേയരായ ഇംഗ്ലണ്ടിനെതിരെ ഇന്ത്യ 3 വിക്കറ്റിന് 145 റൺസ് എന്ന നിലയിൽ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിക്കും. ഉച്ചകഴിഞ്ഞ് 3:30 നാണ് മത്സരം.

ഇന്നലെ ഒന്നാം ഇന്നിംഗ്സിൽ ഇംഗ്ലണ്ട് 387 റൺസിന് പുറത്തായിരുന്നു.

✪✪✪

ലണ്ടനിൽ വിംബിൾഡൺ ടെന്നീസ് പുരുഷ സിംഗിൾസ് സെമിഫൈനലിൽ ലോക ഒന്നാം നമ്പർ താരം ജാനിക് സിന്നർ, ഏഴുതവണ ചാമ്പ്യനായ നോവാക് ജോക്കോവിച്ചിനെ തകർത്ത് ഫൈനലിൽ പ്രവേശിച്ചു.

നാളെ കിരീട പോരാട്ടത്തിൽ സിന്നർ ലോക രണ്ടാം നമ്പർ താരം സ്പെയിനിന്റെ കാർലോസ് അൽകാരാസിനെ നേരിടും.

✪✪✪

അടുത്ത മാസം 30ന് പുന്നമട കായലിൽ നടക്കുന്ന 71-ാമത് നെഹ്റു ട്രോഫി ജലോത്സവത്തിന് മൂന്ന് കോടി 78 ലക്ഷത്തി 89,000രൂപയുടെ ബജറ്റ് അംഗീകരിച്ചു.

നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ അലക്സ് വർഗീസിന്റെ അധ്യക്ഷതയിൽ ചേർന്ന ജനറൽ ബോഡി യോഗമാണ് ബജറ്റ് അംഗീകരിച്ചത്. വള്ളംകളിയുടെ ടിക്കറ്റ് നിരക്കുകൾക്കും ജനറൽ ബോഡി അംഗീകാരം നൽകി.

✪✪✪

സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ച 'ശുചിത്വസാഗരം സുന്ദര തീരം' പദ്ധതിയിൽ മികച്ച പ്രവർത്തനം നടത്തിയതിന് കോഴിക്കോട് ജില്ല സംസ്ഥാനതല അവാർഡ് കരസ്ഥമാക്കി. കടലിലും തീരത്തും അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കി മത്സ്യസമ്പത്തിന്റെ സംരക്ഷണവും തീരദേശ വികസനവും ലക്ഷ്യമിട്ട് ആവിഷ്കരിച്ചതാണ് 'ശുചിത്വസാഗരം സുന്ദര തീരം' പദ്ധതി.

ജില്ലയിൽ അഴിയൂർ പഞ്ചായത്തിലെ എരിക്കൽ ബീച്ച് മുതൽ കടലുണ്ടി പഞ്ചായത്തിലെ വാക്കടവ് കോർണിഷ് മസ്ജിദ് വരെ ഓരോ കിലോമീറ്റർ ഇടവെട്ട് സജ്ജീകരിച്ച 72 ആക്ഷൻ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കിയത്.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകി.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRTs:രജിന കെ*
*DEO: സി കെ സുബോധ്*